"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വയനാട് വികസന പാക്കേജ് - സർക്കാർ ട്രൈബൽ ആശുപത്രിക്ക് സിടി സിമുലേറ്റർ വാങ്ങുന്ന പദ്ധതി - പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.40/2026/P&EA തിരുവനന്തപുരം, 28-01-2026

പരാമർശം:- 1. സ.ഉ(സാധാ നം.370/2023/P&EA തീയതി 19.19.2023.

2. സ.ഉ(സാധാ നം.465/2024/P&EA തീയതി 11.12.2024.

3. വയനാട് ജില്ലാ കളക്ടറുടെ 06.11.2025 ലെ DPO-WYD/1/2024-ROI നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് പാക്കേജിൽ ഉൾപ്പെട്ട നല്ലൂർനാട്, സർക്കാർ ട്രൈബൽ ആശുപത്രിക്ക് സി.ടി സിമുലേറ്റർ വാങ്ങുന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം 721.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പിന്നീട് ഘടകങ്ങളിൽ മാറ്റം വന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം 686.47925 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് പുതുക്കി ലഭ്യമാക്കുകയും ചെയ്തിരുന്നു.

2. പരാമർശം (2) ലെ പുതുക്കിയ ഭരണാനുമതി ഉത്തരവ് പ്രകാരം 31.12.2024 വരെയായിരുന്നു പൂർത്തീകരണ കാലാവധി. സമയപരിധി അവസാനിച്ചതിനാൽ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടിരുന്നുവെന്നും, സി.ടി സിമുലേറ്ററിന്റെ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചപ്പോൾ 560.00 ലക്ഷം രൂപ മാത്രമേ ആവശ്യമായി വന്നിട്ടുള്ളുവെന്നതിനാൽ പ്രവൃത്തിയുടെ ആകെ തുക 610.00 ലക്ഷം രൂപയായി കുറവ് വന്നിട്ടുണ്ടെന്നും അതുകൊണ്ട് താഴെ പറയുന്ന എസ്റ്റിമേറ്റ് പ്രകാരം 2026 മാർച്ച് 31 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഭരണാനുമതി ഉത്തരവ് പുതുക്കി നൽകണമെന്ന് പരാമർശം (3) പ്രകാരം വയനാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു.

| ക്രമ നം. | ഘടകങ്ങൾ | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | സിടി സിമുലേറ്റർ സംഭരണവും ഇൻസ്റ്റലേഷനും | 560.00 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി |
| 2 | ജനറേറ്റർ വാങ്ങലും സ്ഥാപിക്കലും ഉൾപ്പെടെയുള്ള | 50.00 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | ഇലക്ട്രിക്കൽ പ്രവൃത്തികൾ | | ഇലക്ട്രിക്കൽ വിഭാഗം, കോഴിക്കോട് |
| | ആകെ | 610.00 | |

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നല്ലൂർനാട്, സർക്കാർ ട്രൈബൽ ആശുപത്രിക്ക് സി.ടി സിമുലേറ്റർ വാങ്ങുന്നതിന് നിലവിൽ പുതുക്കിയ ഭരണാനുമതി നൽകിയ ഘടകങ്ങളിൽ മേൽ വ്യക്തമാക്കിയിരിക്കും വിധം മാറ്റം വരുത്തി പൂർത്തീകരണ കാലാവധി 31.03.2026 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം(2) ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് പുറമെ ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് കൂടി വിധേയമായി 610 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1.അടങ്കൽ തുക 610 ലക്ഷം രൂപയ്ക്കുള്ളിൽ മാത്രം ചെലവ് നിയന്ത്രിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും അധിക ചെലവ് അനുവദിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്.

2. 31.03.2026 ന് മുൻപായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതും, നിർവ്വഹണം വേഗത്തിലാക്കാനായി ജില്ലാ കളക്ടർ, ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം എന്നിവർ നിരന്തര മേൽനോട്ടം നടത്തേണ്ടതുമാണ്
.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് & എ&ഇ), കേരള, തിരുവനന്തപുരം.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
ജില്ലാ കളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വയനാട്
ജില്ലാ വികസന കമ്മീഷണർ, വയനാട്
ചീഫ്, അഗ്രി ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
വെബ് &ന്യൂ മീഡിയ (ഐ &പി ആർ ഡി)

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 29-01-2026 10:16:45
സെക്ഷൻ ഓഫീസർ